പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 6105

09.07.2013 ലെ മറുപടിയ്ക്ക്

**സയൻസ് & ടെക്നോളജി വകുപ്പിന് കീഴിൽ ഗ്രാമീണ കാർഷിക തൊഴിൽ പ്രവൃത്തി പരിചയ പരിപാടി**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. റ്റി.എൻ. പ്രതാപൻ :**<br>**ശ്രീ. വർക്കല കഹാർ :**<br>**ശ്രീ. കെ. ശിവദാസൻ നായർ :**<br>**ശ്രീ. പി.സി. വിഷ്ണുനാഥ് :** | **ശ്രീ. ഉമ്മൻ ചാണ്ടി**<br>**(മുഖ്യമന്ത്രി)** |
| (എ) സംസ്ഥാനത്തെ സയൻസ് & ടെക്നോളജി വകുപ്പിന് കീഴിൽ ഗ്രാമീണ കാർഷിക തൊഴിൽ പ്രവൃത്തി പരിചയ പരിപാടി നടപ്പിലാക്കാനുദ്ദേശിക്കു- -ന്നുണ്ടോ ; | (എ) ഉണ്ട്. ചുവടെ ചേർത്തിരിക്കുന്ന പരിപാടികൾ നടപ്പിലാക്കി വരുന്നു.<br>i) ബയോടെക്നോളജി ഇന്നവേഷൻസ് ഇൻ റൂറൽ ഡെവലപ്പ്മെന്റ് (BIRD).<br>ii) കമ്മ്യൂണിറ്റി അഗ്രോ-ബയോടെക് റിസോഴ്സ് സെന്റർ (CARD).<br>iii) അഗ്രികൾച്ചർ ടെക്നോളജി മാനേജ്മെന്റ് ഏജൻസി (ATMA). |
| (ബി) ഈ പരിപാടിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; | (ബി)<br>BIRD:- ഗ്രാമീണ മേഖലയിൽ കാർഷിക തൊഴിൽ മുഖേനയുള്ള പുരോഗതിയ്ക്ക് വേണ്ടിയുള്ള ധനസഹായം കൊടുക്കുന്നതിലേയ്ക്കുള്ള പദ്ധതിയാണിത്.<br><br>CARD:- ഗ്രാമീണ മേഖലയിൽ അഗ്രോ-ബയോടെക്നോളജി അടിസ്ഥാനമാക്കിയുള്ള കാർഷിക ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനമാണ് ഈ പദ്ധതിയിൽ ലക്ഷ്യമിട്ടിരിക്കുന്നത്. ടിഷ്യൂകൾച്ചർ, കൂൺ കൃഷി, ഔഷധ സസ്യങ്ങൾ, ജൈവ കീടനാശിനികൾ, മണ്ണിര കംബോസ്റ്റുകൾ എന്നിവയുടെ ഉത്പാദനത്തെ ഇത് ലക്ഷ്യമിട്ടിരിക്കുന്നു.<br><br>ATMA:- കർഷകർക്ക് ചെടികളുടെ വിവിധ ഉൽപ്പാദന രീതികളും തൈകൾ പരിപാലിക്കുന്ന രീതികളും പഠിപ്പിക്കുക എന്നതാണ് ഈ പരിപാടിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ. |

(തുടർച്ച......2)

(സി) ഏതെല്ലാം ഏജൻസികളാണ് ഈ പ്രോഗ്രാമുമായി സഹകരിക്കുന്നത് ;

(സി)

BIRD:- എല്ലാ സർവ്വകലാശാലകളും, കേരളത്തിലുള്ള അംഗീകൃത സ്വയം തൊഴിൽ സംരംഭങ്ങളും, ആർ & ഡി കേന്ദ്രങ്ങളുമാണ് ഈ പദ്ധതിയുമായി സഹകരിക്കുന്നത്.

CARD:- ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബോട്ടാണിക്കൽ ഗാർഡൻ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടാണ് ഈ പ്രോഗാമിൽ സഹകരിക്കുന്നത്.

ATMA:- ജില്ലാ കൃഷി ഓഫീസുകളും, ATMA പരിശീലന കേന്ദ്രങ്ങളുമാണ് ഈ പരിപാടിയിൽ സഹകരിക്കുന്നത്.

(ഡി) ഏതെല്ലാം മേഖലകൾക്കാണ് ഇതിന്റെ ഗുണങ്ങൾ ലഭിക്കുന്നത് ; വിശദമാക്കുമോ ?

(ഡി) കേരളത്തിലെ ഗ്രാമീണ മേഖലയിലെ കർഷകർക്കാണ് ഇതിന്റെ ഗുണങ്ങൾ ലഭിക്കുന്നത്.

**സെക്ഷൻ ഓഫീസർ**